I ഇ.ബി. XII-കേരള നിയമസഭ /VI-7

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാനടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലെ കിളിരൂർ പ്രശ്നം സഭയിൽ ഉന്നയിച്ച സമയത്ത് പ്രതിപക്ഷത്തിന് സംസാരിക്കാനുള്ള അവസരം നിഷേധിക്കുകയുണ്ടായി. കിളിരൂർ കേസ്സിലെ ശാരി എന്ന പെൺകുട്ടിയുടെ മാതാപിതാക്കൾ കൊടുത്ത പരാതി അതേപടി സി.ബി.ഐ.ക്ക് കൈമാറാനും അവർ കൊടുത്ത പരാതിയിൽ പരാമർശിക്കുന്ന വി.ഐ.പി. യെക്കുറിച്ച് അന്വേഷിക്കാനും തയ്യാറാണോ എന്നതിനു മറുപടി നൽകി മുഖ്യമന്ത്രിയുടെ ധാർമ്മികത സംസ്ഥാനത്തെ ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇത്തരത്തിലുള്ള സജീവമായ ഒരു പ്രശ്നം സഭയിൽ ഉന്നയിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് വായ്മൂടിക്കെട്ടി ഇന്നത്തെ ചോദ്യോത്തരവേള പ്രതിപക്ഷം ബഹിഷ്ക്കരിച്ചത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇതു സംബന്ധിച്ച മറുപടി ഇന്നലെ സഭയിൽ പറഞ്ഞുകഴിഞ്ഞു. ശാരിയുടെ മാതാപിതാക്കളും

വക്കീലന്മാരുമടങ്ങുന്ന 8 പേർ എന്നെ വന്നു കാണുകയും സി.ബി.ഐ. അന്വേഷണം അതിനുമുമ്പ് നടന്ന വിജിലൻസ് അന്വേഷണ ത്തിന്റെയത്രപോലും ഫലപ്രദമായിരുന്നില്ലെന്നും അതിനാൽ സീനിയറായ സി.ബി.ഐ. ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെടു കയും ഞാൻ അത് സമ്മതിക്കുകയും ചെയ്തിരുന്നു. എല്ലാം സി.ബി.ഐ.-ക്ക് അയയ്ക്കുന്നതാണെന്ന് പറഞ്ഞു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഇപ്പോൾ ശാരിയുടെ മാതാപിതാക്കൾ കൊടുത്തിരിക്കുന്ന പരാതിയിൽ പറയുന്ന ആ വി.ഐ.പി. ഈ മന്ത്രിസഭയിലെ ഒരംഗമായ ശ്രീമതി ടീച്ചറാണ്. ശാരിയുടെ മാതാപിതാക്കൾ നൽകിയ പരാതി സി.ബി.ഐ.ക്ക് കൈമാറുമോ എന്ന് വ്യക്തമാക്കണം.

<u>മി.സ്പീക്കർ</u>: ഇതിന്റെ പേരിൽ ഒരു ഒച്ചപ്പാടുണ്ടാക്കേണ്ട കാര്യമില്ല. മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ഈ വിഷയം ഇങ്ങനെ ചർച്ച ചെയ്യേണ്ട കാര്യമില്ല.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> കിളിരൂർ കേസ്സിൽ വി.ഐ.പി. ഉണ്ടെന്നു പറഞ്ഞത് അന്ന് പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനാണ്.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> വി.ഐ.പി. ഉണ്ടെന്ന് ഞാൻ പറഞ്ഞില്ല. വി.ഐ.പി. ഉണ്ടെന്ന് ആശുപത്രിയിലെ ഡോക്ടർ പറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യം അന്നത്തെ പത്രമാധ്യമങ്ങളിലും വന്നതാണ്. അത് ആരാണെന്ന് വെളിപ്പെടുത്തണമെന്ന് ഞാൻ ആ ഡോക്ടറെ ശക്തമായി നിർബന്ധിച്ചുവെങ്കിലും ഡോക്ടർ അത് വെളിപ്പെടുത്തിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഡോക്ടർ പറഞ്ഞുവെന്നാണ് അങ്ങ് പറഞ്ഞത് എന്നത് സമ്മതിക്കുന്നു. പക്ഷെ ഈ മന്ത്രിസഭയിലെ ഒരംഗമാണ് ആ വി.ഐ.പി. എന്ന് ശാരിയുടെ മാതാപിതാക്കൾ നൽകിയ പരാതിയിൽ പറഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സി.ബി.ഐ.-യോട് അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**ശ്രദ്ധക്ഷണിക്കൽ**

**(1) മൽസ്യം ഇറക്കുമതി**

ശ്രീ. ടി.എൻ. പ്രതാപൻ: യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും മത്സ്യം ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം മത്സ്യമേഖലയിലാകെ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. കേരളത്തിൽ സുലഭമായി ലഭിക്കുന്ന ചെമ്മീൻ ഇപ്പോൾത്തന്നെ തായ്ലന്റിൽനിന്നും ഇറക്കുമതി ചെയ്ത് വിപണിയിൽ യഥേഷ്ടം വിറ്റുവരികയാണ്. കേരളത്തിൽ സർവ്വ സാധാരണമായി ലഭിക്കുന്ന അയല, ചാള, നെത്തോലി, വറ്റ എന്നിവ ഉൾപ്പെടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിത്യവും ലഭിക്കുന്ന മത്സ്യങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാനുള്ള പുതിയ തീരുമാനം കേരളത്തിലെ മത്സ്യ മേഖലയെ അക്ഷരാർത്ഥത്തിൽ തകർക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മത്സ്യബന്ധനോപകരണങ്ങളുടെ വിലയും ചെലവും അതിഭീമമാണ്. അവർക്കാവശ്യമായ ഇന്ധനം ലഭിക്കാത്തതിനാൽ പുറമേനിന്നുമാണ് ഇന്ധനം വാങ്ങുന്നത്. യൂറോപ്യൻ രാജ്യങ്ങളിലുള്ളവർ ഭക്ഷ്യയോഗ്യമായി കണക്കാക്കിയിട്ടില്ലാത്ത അയല, മത്തി തുടങ്ങിയവ ഇവിടെ ഇറക്കുമതി

ചെയ്ത് വളരെ ചെറിയ വിലയ്ക്കാണ് വിൽക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായി ലഭിക്കുന്ന മത്തി, അയല, നെത്തോലി എന്നിവ ഇറക്കുമതി ചെയ്താൽ തീരദേശ മേഖല പട്ടിണിയിലാകും. പത്ത് ലക്ഷത്തോളം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണിത്. മുൻപ് തായ്‌ലന്റിൽനിന്നും മത്സ്യം ഇറക്കുമതി ചെയ്യാൻ കേന്ദ്രം തീരുമാനമെടുത്തപ്പോൾ നിയമസഭയും പാർലമെന്റംഗങ്ങളും പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് കത്തയച്ചുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിനാൽ ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെടണം. മുഖ്യമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടുന്ന സർവ്വകക്ഷിസംഘം പ്രധാനമന്ത്രിയെയും യു.പി.എ. അദ്ധ്യക്ഷ ഉൾപ്പെടെയുള്ളവരേയും നേരിൽകണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം. ഇതൊരു പൊതുവികാരമായി കണക്കിലെടുത്ത് ഒരു പ്രമേയമായി അംഗീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u>: കേരള സമൂഹം പൊതുവിൽ ഉൽക്കണ്ഠപ്പെടുന്ന ഗുരുതരമായ പ്രശ്നമാണിത്. ലോക വിപണിയിൽ ഏറ്റവും അധികം ക്രയവിക്രയം നടക്കുന്ന ഭക്ഷ്യോൽപ്പന്നമാണ് മത്സ്യം. പ്രതിവർഷം അറുപത് മില്യൻ ഡോളർ മത്സ്യവ്യാപാരം നടക്കുന്നതായാണ് റിപ്പോർട്ട്. ആഗോളവൽക്കരണത്തെത്തുടർന്ന് ബാഹ്യമായ കടന്നാക്രമണങ്ങൾക്ക് വഴിപ്പെടുന്ന കേരളത്തിന്റെ മത്സ്യമേഖല ചരിത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളിയെയാണ് നേരിടുന്നത്. വിദേശ മത്സ്യബന്ധനക്കപ്പലുകളുടെ ആഴക്കടൽ മത്സ്യബന്ധനം ഉളവാക്കുന്ന പ്രശ്നങ്ങൾ, മാർക്കറ്റുകളുടെ ആന്റി ഡമ്പിംഗ് നയങ്ങൾ, ചെമ്മീൻ കയറ്റുമതിയിലുണ്ടാക്കിയ തിരിച്ചടി,

തായ്‌ലൻഡിൽനിന്നുമുള്ള മത്സ്യ ഇറക്കുമതി, ഉൽപ്പാദനമാന്ദ്യം, ഉൽപ്പാദനച്ചെലവിലുണ്ടായ കുതിച്ചുകയറ്റം എന്നിവ ഈ മേഖലയെ അതീവ സങ്കീർണ്ണമാക്കി. ഇതിനെല്ലാം പുറമേയാണ് യൂറോപ്യൻ യൂണിയനിൽ നിന്നുമുള്ള ഇറക്കുമതി ഭീഷണി. ഉഭയകക്ഷി സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ യൂണിയനിൽപ്പെട്ട രാജ്യങ്ങളിൽനിന്നും ഇൻഡ്യയിലേയ്ക്ക് മത്സ്യം ഇറക്കുമതി ചെയ്യാനുള്ള നീക്കം വളരെ ആശങ്കയോടെയാണ് സംസ്ഥാന ഗവൺമെന്റ് വീക്ഷിക്കുന്നത്. അടുത്ത വർഷം അവസാനത്തോടെ ഈ കരാർ പ്രാബല്യത്തിൽ വരുമെന്നാണ് മനസ്സിലാകുന്നത്. തായ്‌ലന്റുമായി ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ ഫലമായി ഇറക്കുമതി ചുങ്കം കൂടാതെ വിവിധ ഇനം മത്സ്യങ്ങൾ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. യൂറോപ്യൻ ഇറക്കുമതിനീക്കം തീരുവ കൂടാതെ 40 ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങൾ സംരക്ഷണമില്ലാത്ത മത്സ്യങ്ങളുടെ പട്ടികയിൽപ്പെടുത്തി ഇറക്കുമതി ചെയ്യാനാണ് കേന്ദ്ര ഗവണ്മെന്റ് ശ്രമം നടത്തുന്നത്. കരാർ പ്രാബല്യത്തിൽ വരുന്നതോടെ അയല, മത്തി, നെത്തോലി, ചൂര, മാന്തൽ തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ ഇറക്കുമതി ചെയ്യപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന അയല, മത്തി തുടങ്ങിയ മത്സ്യങ്ങൾ സംസ്ക്കരണം നടത്തി കയറ്റുമതി ചെയ്യുന്നതിന് യോജിച്ചവയല്ല. ഉപരിതല മത്സ്യങ്ങളായ ചാള, അയല, നെത്തോലി ഇവയൊന്നും യൂറോപ്പുകാർ ഭക്ഷിക്കാറില്ല. അതുകൊണ്ടുതന്നെ ഏറ്റവും വിലകുറച്ച് ഈ മത്സ്യങ്ങൾ ഇൻഡ്യൻ വിപണിയിൽ വിറ്റഴിക്കാൻ കഴിയുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വൻവിലത്തകർച്ചയെ നേരിടേണ്ടി വരികയും മത്സ്യമേഖലയിൽ അതീവ ഗുരുതരമായ

സാമ്പത്തിക-സാമൂഹ്യ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇറക്കുമതിയുടെ ആഘാതത്തിൽനിന്നും ഈ മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും വാണിജ്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും സംസ്ഥാന മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. ഇതിനെതിരായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി അണിനിരക്കണം. പൊതുവിൽ ഈ പ്രശ്നത്തിൽ ഒരു അഭിപ്രായ സമന്വയം സഭയ്ക്കുണ്ട്. ഈ വിഷയം ഒരു പ്രമേയമായി അവതരിപ്പിക്കാൻ ഗവൺമെന്റിന് തടസ്സമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് ഏത് വിധത്തിലുള്ള സഹായ സഹകരണവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

## (2) ഭക്ഷ്യ സുരക്ഷാ മിഷൻ

ശ്രീ. ബാബു പോൾ: ഇൻഡ്യയിലെ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കാനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താതെ അവഗണിച്ചിരിക്കുന്നു. 11-ാം പദ്ധതി കാലയളവിൽ 9 സംസ്ഥാനങ്ങളിലെ 138 ജില്ലകളിൽ 80 ലക്ഷം ടൺ ഗോതമ്പും 14 സംസ്ഥാനങ്ങളിലെ 168 ജില്ലകളിൽ 20 ലക്ഷം ടൺ പയറുവർഗ്ഗങ്ങളും 12 സംസ്ഥാനങ്ങളിലെ 133 ജില്ലകളിൽ 100 ലക്ഷം ടൺ അരിയും അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. കേരളത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തിയിരുന്നുവെങ്കിൽ കർഷകർക്ക് 50% ബാങ്ക് വായ്പയും 50% സബ്സിഡിയും അനുവദിക്കപ്പെടുന്നതിനുപുറമെ ഗുണനിലവാരമുള്ള വിത്തുകൾ, കാർഷിക ഉപകരണങ്ങൾ, സംയോജിത കീടനിയ

ന്ത്രിത മാർഗ്ഗങ്ങൾ, ജലസ്രോതസ്സുകൾ, സംയോജിത പോഷകാധിഷ്ഠിത വിളഭൂമി തുടങ്ങിയവയെല്ലാം സംസ്ഥാനത്തിന് ലഭിക്കുമായിരുന്നു. കേരള ത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കും വിവേചനത്തിനുമെ തിരെയുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയും ഈ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തു കയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> ഡൽഹിയിൽ വച്ചു നടന്ന നാഷണൽ ഡെവലപ്മെന്റ് കൗൺസിലിന്റെ 53-ാമത് യോഗത്തിലാണ് അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ എന്ന പദ്ധതിക്ക് രൂപം നൽകിയത്. 4882.48 കോടി രൂപ മുതൽമുടക്കും 10 ദശലക്ഷം ടൺ നെല്ലിന്റെ അധിക ഉല്പാദനവും ലക്ഷ്യമിടുന്ന ഈ പദ്ധതി 14 സംസ്ഥാനങ്ങളിലെ 136 ജില്ലകളി ലായിട്ടാണ് നടപ്പാക്കുന്നത്. എന്നാൽ അരി പ്രധാന ആഹാരമായി ഉപയോഗി ക്കുന്ന കേരളത്തെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. നെൽ വയലും നെൽക്കൃഷിയും സംരക്ഷിക്കുന്നതിനും ഉല്പാദന വർദ്ധനവിനും വേണ്ടി സംസ്ഥാനം ശ്രമിക്കുന്ന ഈ അവസരത്തിൽ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ അത് നെല്ലുല്പാദന വർദ്ധനവിനും കൃഷിക്കാരെ രക്ഷിക്കുന്നതിനും സഹായകമാ കുമായിരുന്നു. ഈ പദ്ധതിയിൽ നിന്നും കേരളത്തെ ഒഴിവാക്കിയ തീരുമാനം പുന:പരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനോ സമാനമായ ഒരു പദ്ധതി കേരളത്തിന് ലഭിക്കുന്നതിനോ വേണ്ടിയുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുന്നതാണ്. ഇക്കാര്യത്തിൽ സഭയുടെ പൊതുവികാരം ഒരു പ്രമേയത്തി

ലൂടെ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും ശക്തമായ രീതിയിൽ സർവ്വ കക്ഷി സമ്മർദ്ദം ചെലുത്താനും ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ഐ.എസ്.ആർ.ഒ. ഭൂമി ഇടപാട് സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

**ക്രമപ്രശ്നം**

<u>പ്രസ്താവന ചർച്ച ചെയ്യണമെന്ന ആവശ്യം</u>

<u>ശ്രീ. കെ.എം. മാണി</u>: ഒരു പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച് റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തിക്കഴിഞ്ഞാൽ സഭയിലെ ഒരംഗം നോട്ടീസ് നൽകുകയാണെങ്കിൽ അതുസംബന്ധിച്ച് അന്നേദിവസംതന്നെ ചർച്ച നടത്താമെന്ന് ചട്ടത്തിൽ പറയുന്നുണ്ട്. ഇവിടെ മുഖ്യമന്ത്രി നടത്തിയ പ്രസ്താവന അടിസ്ഥാനരഹിതവും വാസ്തവവിരുദ്ധവുമാണ്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് ചർച്ച അനുവദിക്കണം.

<u>മി. സ്പീക്കർ:</u> ഇതിൽ ചർച്ച വേണമോ വേണ്ടയോ എന്നുള്ളത് ഗവൺമെന്റുമായി ആലോചിച്ചതിനുശേഷം തീരുമാനിക്കാം.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഇത് നേരത്തേ എഴുതിത്തന്നിട്ടുള്ളതാണ്. ചോദ്യം പാടില്ലെങ്കിലും ചർച്ച നടത്താമെന്ന് റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പ്രസ്താവന വന്നതിനുശേഷം ഈ വിഷയം സംബന്ധിച്ചുള്ള ചർച്ചയ്ക്ക് പ്രാധാന്യം വർദ്ധിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ഒരു ഭേദഗതിയാണ് ഇതിനിടയാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതുൾപ്പെടെ ഇവിടെ ചർച്ച ചെയ്യണം.

<u>മി. സ്പീക്കർ</u>: ഗവൺമെന്റുമായി ആലോചിച്ചതിനുശേഷം ഇതിൽ ഡിസ്ക്കഷൻ വേണമോയെന്ന് തീരുമാനിക്കാമെന്ന് പറഞ്ഞുകഴിഞ്ഞു.

(ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സഭാനടപടികൾ തടസ്സപ്പെടുത്താൻ അനുവദിക്കരുത്.

(ബഹളത്തെത്തുടർന്ന് രാവിലെ 10.10-ന് നിറുത്തിവച്ച സഭ ഉച്ചയ്ക്കുശേഷം 12.05-ന് വീണ്ടും ആരംഭിച്ചു.)

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഇന്ന് പൊൻമുടി ഭൂമി ഇടപാട് സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയിന്മേൽ ചർച്ച വേണമെന്ന് ശ്രീ. കെ.എം. മാണി ഉന്നയിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചപ്പോൾ മനസ്സിലായത് നിയമസഭാ ചട്ടം 300 അനുസരിച്ച് പൊതുപ്രാധാന്യമുള്ള സംഗതിയെപ്പറ്റി സ്പീക്കറുടെ സമ്മതത്തോടുകൂടി മന്ത്രിക്ക് ഒരു പ്രസ്താവന ചെയ്യാവുന്നതാണ് എന്നാണ്. എന്നാൽ അതിൻമേൽ യാതൊരു വിധത്തിലുള്ള ചോദ്യവും അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവനയിന്മേൽ യാതൊരു ചർച്ചയും അനുവദിക്കുന്നതല്ല എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സഭയിൽ ഉണ്ടായിട്ടുള്ള കീഴ്വഴക്കവും അതുതന്നെയാണ്. ഇന്നുവരെ റൂൾ 300 അനുസരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റിന്മേലും ചർച്ച നടന്നിട്ടില്ല. ചർച്ച ആവശ്യമാണെന്ന് തോന്നുന്നപക്ഷം അതിന് റൂൾ പ്രകാരം നോട്ടീസ് നൽകി ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത് അപ്രകാരം

ചെയ്യാവുന്നതാണ്. ഇന്ന് സഭയിൽ ശ്രീ. കെ.എം. മാണി ചർച്ച വേണം എന്ന പ്രശ്നം ഉന്നയിച്ചപ്പോൾ ഗവൺമെന്റുമായി കൂടിയാലോചിച്ച് അപ്രകാരം ചെയ്യാമെന്ന് ചെയർ പറഞ്ഞതുമാണ്. അതിനുശേഷം സഭയിൽ ഉണ്ടായ സംഭവം അത്യന്തം ഖേദകരമാണ്. അച്ചടക്ക നടപടികൾക്ക് വിധേയമാക്കേണ്ട നടപടികളാണ് ചില അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത് ഇതു വളരെ ഗൗരവത്തോടുകൂടിയാണ് ചെയർ കാണുന്നത്. ഇവിടെ ചില അംഗങ്ങളുടെ പേര് മെൻഷൻ ചെയ്യണമെന്ന് കരുതിയിരുന്നൂവെങ്കിലും. ഈ സന്ദർഭത്തിൽ അത് ചെയ്യാൻ ആഗ്രഹിക്കുന്നില്ല.. മേലിൽ ഇത്തരം സംഭവങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് ഗൗരവത്തോടുകൂടി കാണുന്നതാണെന്ന് ചെയർ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. സഭയുടെ നടത്തിപ്പിൽ ചെയർ നാളിതുവരെ നിഷ്പക്ഷമായ നിലപാടാണ് സ്വീകരിച്ചുവന്നിട്ടുള്ളത്, തുടർന്നും അതേ നിലപാട് തന്നെ തുടരുന്നതാണ്. ബഹുമാനപ്പെട്ട ഭരണ-പ്രതിപക്ഷ അംഗങ്ങൾ പൂർണ്ണമായും ചെയറിനോട് സഹകരിക്കണം. പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ പക്ഷം പിടിച്ചുകൊണ്ട് ചെയർ മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. നാളിതുവരെ നിഷ്പക്ഷമായിട്ടാണ് കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്; തുടർന്നും അതേ സമീപനം തന്നെയാണ് സ്വീകരിക്കുക. ഇതാണ് ചെയറിന് ഇവിടെ നടന്ന സംഭവവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>ശ്രീ. കെ.എം.മാണി</u>: ചർച്ചയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത നിലപാടിനെപ്പറ്റി വ്യക്തിപരമായ ആക്ഷേപം ഇല്ല; അങ്ങ് പറഞ്ഞത് ഗവൺമെന്റുമായി കൂടിയാലോചിച്ച് ചർച്ച ആകാമെന്നാണ്. ഗവൺമെന്റുമായും നേതാക്കളുമായും ആലോചിച്ച്. ചർച്ച പാടില്ല എന്ന നിഷേധാത്മകമായ നിലപാട് എടുക്കുന്നത് ശരിയല്ല. പാർലമെന്ററി

പ്രൊസീഡ്യുറിനും പ്രാക്ടീസിനും മേൽ കണ്ണടയ്ക്കുന്നത് ശരിയല്ല. ഇതിനുമുമ്പ് ഇതുപോലെ ഒരു കേസ്സിൽ മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് സ്റ്റേറ്റ്മെന്റ് നടത്തിയിട്ടില്ല. ഒന്നുകൂടി ആലോചിച്ച് ഇതിൻമേൽ ഒരു തീരുമാനം ഉണ്ടാക്കണം, ചർച്ച ചെയ്യണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് എല്ലാവിധ സഹകരണവും ഉണ്ടാകും. പ്രതിപക്ഷത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിന് ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ ജനാധിപത്യാവകാശം നിർവ്വഹിക്കാനുള്ള അവസരവും അവകാശവും ഉണ്ടാവണം. വളരെ വിവാദപരമായ ഇത്തരമൊരു പ്രശ്നത്തെക്കുറിച്ച്. റൂൾ 300 അനുസരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് നടത്തുന്നത് സഭയുടെ ചരിത്രത്തിൽ ആദ്യമാണ്. പാർലമെന്ററി പ്രാക്ടീസ് അനുസരിച്ച് ചോദ്യങ്ങൾ ചോദിക്കാൻ പാടില്ലെങ്കിലും ചർച്ചയാകാം. ചർച്ച പാടില്ലെന്ന ഗവൺമെന്റ് നിലപാടിനോട് പ്രതിപക്ഷത്തിന് യോജിക്കാൻ നിവൃത്തിയില്ല. മന്ത്രിയെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷണം നടത്തണം. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ച്. സഭ തീരുംവരെ സഭാകവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതായിരിക്കും.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറുമഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): കീഴ്വഴക്കവും ചട്ടപ്രകാരവും ചർച്ച അനുവദിക്കുന്നില്ല എന്നുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ മാനിക്കണം. റൂൾ അനുസരിച്ച് നോട്ടീസ് കൊടുത്തുകൊണ്ടുള്ള ചർച്ചയ്ക്ക് സർക്കാർ തയ്യാറാണ്. പ്രതിപക്ഷത്തിന്റെ

ഈ പ്രവൃത്തി ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനും സർക്കാരിനും എതിരാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: വനം വകുപ്പുമന്ത്രി രാജി വച്ചുകൊണ്ടുള്ള ഒരന്വേഷണം നടത്താതെ ഒരു വിധത്തിലും പ്രതിപക്ഷം തൃപ്തിപ്പെടില്ല.

(റൂൾ 300 അനുസരിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയിന്മേൽ ചർച്ചയില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്ക്കരിച്ച് സത്യാഗ്രഹം അനുഷ്ഠിക്കുന്നതിനായി സഭ വിട്ട് പുറത്തുപോയി..)

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭാനടപടികൾ തുടർന്ന് നടത്താൻ ഭരണ-പ്രതിപക്ഷ കക്ഷികളുമായി ബഹുമാനപ്പെട്ട സ്പീക്കർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പിലെത്തിയതാണ്. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവനയിൽ മെർക്കിസ്റ്റൺ എസ്റ്റേറ്റിനെ സംബന്ധിച്ച അഴിമതിയുടെ പൊരുൾ എന്താണെന്ന് പ്രതിപാദിച്ചിട്ടുണ്ട്.. അഴിമതിക്കാരായവർ രക്ഷപ്പെടാൻ പോകുന്നില്ല.. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം അധികാരത്തിലിരുന്ന് യു.ഡി.എഫ്. കാണിച്ച അഴിമതികൾ ഇതുവഴി മറയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെങ്കിൽ. അത് യാതൊരു തരത്തിലും അനുവദിക്കുന്നതല്ല.

## സബ്മിഷൻ

### (1) വൈദ്യുത രംഗത്തെ പ്രശ്നങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങൽ നിയോജകണ്ഡലത്തിലെ കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, വക്കം പഞ്ചായത്തുകളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ അനുമതി നൽകിയിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ പണി

എത്രയും വേഗം ആരംഭിക്കണം. അഴൂർ പഞ്ചായത്തിലെ മംഗലപുരം സെക്ഷന്റെ കീഴിലുള്ള ഓഫീസുകൾ ആറ്റിങ്ങൽ സബ്ഡിവിഷന്റെ കീഴിൽ കൊണ്ടുവരികയും അഴൂരിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുകയും വേണം. ആലംകോടിൽ നിലവിലുള്ള ഓവർസിയർ ഓഫീസ് സബ് എൻജിനീയർ ഓഫീസായി ഉയർത്താനും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിവിഷൻ ഓഫീസിനു സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകാനും നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) കടയ്ക്കാവൂരിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 21-4-1999-ൽ ഭരണാനുമതിയും 1-9-2006-ൽ ലാന്റ് അക്വിസിഷൻ നടപടികൾക്കുള്ള അനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും. ആലംകോടുള്ള ഓവർ സിയർ ഓഫീസ് സബ് എൻജിനീയർ ഓഫീസായി ഉയർത്താൻ നടപടി സ്വീകരിക്കും. പെരുങ്കുഴിയിലുള്ള സബ് എൻജിനീയർ ഓഫീസ് മംഗലപുരം - ചിറയിൻകീഴ് സെക്ഷനുകളിലെ ഓഫീസുകളുമായി ചേർത്ത് സെക്ഷൻ ഓഫീസായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (2) കണ്ണൂർ യൂണിവേഴ്സിറ്റി ക്യാമ്പസിന് സ്ഥലം ലഭ്യമാക്കേണ്ടതു സംബന്ധിച്ച്

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന കാസർകോട് ജില്ലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ പെരുമ്പള വില്ലേജിൽ കണ്ണൂർ

സർവ്വകലാശാലയ്ക്ക് ഒരു ക്യാമ്പസ് സ്ഥാപിക്കുന്നതിനാവശ്യമായ 5 ഏക്കർ ഭൂമി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ പെരുമ്പള വില്ലേജിൽ കണ്ണൂർ സർവ്വകലാശാലയ്ക്ക് ക്യാമ്പസ് സ്ഥാപിക്കുന്നതിനാവശ്യമായ 5 ഏക്കർ ഭൂമി സൗജന്യമായി അനുവദിക്കണമെന്ന് കാണിച്ച് കണ്ണൂർ സർവ്വകലാശാല സർക്കാരിന് സമർപ്പിച്ച അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ചു വരികയാണ്. തീരുമാനമുണ്ടായാലുടൻ ഇക്കാര്യത്തിൽ അനുകൂല നടപടി കൈക്കൊള്ളുന്നതാണ്.

## (3) കെ.എം.എം.എൽ. വികസന പദ്ധതി

ശ്രീ. എ.എ. അസീസ്: ടൈറ്റാനിയം വ്യവസായത്തിനാവശ്യമായ അസംസ്ക്കൃത വസ്തുക്കൾ നൽകുന്ന ഫീഡർ യൂണിറ്റായ ചവറ കെ.എം.എം.എൽ.-ന്റെ വികസനത്തിന് 760 കോടി രൂപയുടെ പദ്ധതിക്ക് 2004-ൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിക്ക് കൺസൾട്ടന്റായ മെക്കോൺ സർക്കാരിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമായി പദ്ധതിച്ചെലവ് 1113 കോടി രൂപയായി ഉയർത്തി. കൺസൾട്ടന്റായ മെക്കോണിന് സർക്കാരിന്റെ അംഗീകാരമില്ലാതെ ചെലവു വർദ്ധിപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് മുക്തിയാർ നൽകിയ അസാധാരണ നടപടിയെടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം. തോഷിബാ ആനന്ദ് കമ്പനിയെ പ്രസ്തുത ജോലി ഏൽപ്പിച്ചതിനെക്കുറിച്ചും അന്വേഷണം നടത്തണം. ഈ പദ്ധതിയുടെ പേരിൽ മുൻഗവൺമെന്റിന്റെ കാലത്ത് നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കെ.എം.എൽ.എൽ. -ന്റെ വികസനത്തിന് 782.41 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതിക്ക് 2000-ൽ ഗവൺമെന്റ് അംഗീകാരം നൽകുകയുണ്ടായി. ഗവൺമെന്റ് അംഗീകരിച്ച വികസന പദ്ധതിയിൽനിന്നും വളരെയേറെ മാറ്റങ്ങൾ വരുത്തി 2003-ൽ സമർപ്പിച്ച പദ്ധതിക്ക് 23.5.2004-ലാണ് ഗവൺമെന്റ് അംഗീകാരം നൽകിയത്. അംഗീകാരത്തിനുമുമ്പ് പദ്ധതി നടത്തിപ്പുമായി മുന്നോട്ടുപോവുകയുണ്ടായി. 12.3.2003-ൽ കൺസൽട്ടൻസിക്കായി ടെൻഡർ ക്ഷണിച്ചു. അതുപ്രകാരം 1.10.2003-ൽ കൺസൾട്ടന്റായി മെക്കോണിനെ നിയമിക്കാൻ തീരുമാനിക്കുകയും. 2004-ൽ കരാറിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. 19.5.2004-ൽ വികസന പ്രവർത്തനങ്ങൾ നടത്താൻ മെക്കോണിന് നൽകിയ മുക്തിയാറിന് ഗവൺമെന്റിന്റെ അംഗീകാരം ഉണ്ടായിരുന്നില്ല. മുക്തിയാർ പ്രകാരം പ്രോജക്ടിന്റെ ടെൻഡർ നടപടികൾ മുതൽ ഓർഡർ നൽകുന്നതുവരെയും അതിനുശേഷമുള്ള നിർമ്മാണ ജോലികളുടെ മാനേജുമെന്റും മെക്കോണിൽ നിക്ഷിപ്തമായിരുന്നു. കൺസൾട്ടൻസി കരാർപ്രകാരം പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനു മുൻപ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടിയിരുന്നുവെങ്കിലും അത് ചെയ്യാതെ മെക്കോൺ ടെന്റർ നടപടികളുമായി മുന്നോട്ടുപോവുകയുണ്ടായി. മെക്കോൺ ഡി.പി.ആർ സമർപ്പിച്ചത് 2006-ലാണ്. അതിനുമുൻപ് തന്നെ 432 കോടി രൂപയുടെ ഓർഡർ നൽകിയിരുന്നു. മെക്കോണിന്റെ ഡി.പി.ആർ. പ്രകാരം പദ്ധതി അടങ്കൽ 1,115 കോടി രൂപയായി. അതിന് ഗവൺമെന്റിന്റെ അംഗീകാരം

ഉണ്ടായിരുന്നില്ല. 2003 -ൽ കെ.എം.എം.എൽ. ടെൻഡർ വിളിച്ചപ്പോൾ നിശ്ചിത യോഗ്യതയില്ലാത്തതിനാൽ പരിഗണിക്കാതിരുന്ന. തോഷിബാ ആനന്ദ് കമ്പനിയെയാണ് ടെന്ററിലൂടെ മെക്കോൺ ഈ ജോലി ചെയ്യാൻ ഏർപ്പെടുത്തിയത്. അതിനെതിരായി തൊഴിലാളി യൂണിയൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ലോകായുക്ത വിജിലൻസ് അന്വേഷണത്തിന് വിടുകയും കേസ് നടന്നുവരികയും ചെയ്യുന്നു. രേഖകൾ പരിശോധിച്ചതിൽനിന്നും കമ്പനിയുടെ വികസന പദ്ധതികൾ നടപ്പിലാക്കിയതിൽ ഗുരുതരമായ ക്രമക്കേടുകൾ ഉള്ളതായി കാണുന്നു. ഗവൺമെന്റ് അംഗീകരിച്ച പദ്ധതികളിൽനിന്നും വ്യത്യസ്തമായ പദ്ധതിയാണ് കമ്പനി നടപ്പിലാക്കാൻ തുനിഞ്ഞത്. കൺസൽട്ടൻസിയെ നിയമിച്ചതിലും പദ്ധതി നടത്തിപ്പിലും അഴിമതി നടന്നതായി സംശയിക്കുന്നു. സമഗ്രമായ ഒരു അന്വേഷണത്തിൽക്കൂടി മാത്രമേ വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവരാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

(4) <u>ഇരുവേലി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ അപര്യാപ്തത</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ഇരുവേലി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ദിനംപ്രതി 500-ൽപ്പരം രോഗികൾ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ എത്തിച്ചേരുന്നുണ്ട് കിടത്തി ചികിത്സയ്ക്കും പ്രസവ ചികിത്സയ്ക്കും സൗകര്യങ്ങളുള്ള ഇവിടെ.. ഗൈനക്കോളജിസ്റ്റിന്റെയും ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റിന്റെയും ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഫാർമസിസ്റ്റിന്റെ ഒരു തസ്തിക കൂടി അനുവദിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ചക്കരക്കല്ല്- ഇരുവേലി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 5 ഡോക്ടർമാരുടെ തസ്തികകളുള്ളതിൽ 3 എണ്ണമേ നികത്തിയിട്ടുള്ളൂ. എൻ.എച്ച്.ആർ.എം. മുഖേനയും ഡോക്ടറെ നിയമിച്ചിട്ടുണ്ട്.. ലഭ്യമാകുന്ന മുറയ്ക്ക് ഗൈനക്കോളജിസ്റ്റിനേയും നിയമിക്കുന്നതാണ്. 23-ാം തീയതിക്കുശേഷം അത് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനം ആരംഭിക്കാൻ കഴിയും. അതിനുശേഷം കൂടുതൽ ഡോക്ടർമാരെ പോസ്റ്റു ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു

## (5) റെയിൽവെ മേൽപ്പാലങ്ങളുടെ പണി

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിൽ റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ അപര്യാപ്തതമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. നീലേശ്വരം, ചെറുവത്തൂർ, പടന്നക്കാട്, പയ്യന്നൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം എന്നീ റെയിൽവേ ഓവർ ബ്രിഡ്ജുകൾക്ക് ആവശ്യമായ അപ്രോച്ച് റോഡുകളുടെ എസ്റ്റിമേറ്റ്, ലാന്റ് അക്വിസിഷൻ നടപടികൾ എന്നിവ പൂർത്തീകരിച്ചിട്ടില്ല.. മഞ്ചേശ്വരം ഒഴികെയുള്ള ആർ.ഒ.ബി.യുടെ ജനറൽ അറേഞ്ച്മെന്റിന്റെ ഡ്രായിംഗ് അപ്രൂവൽ ആയിട്ടുണ്ട്... .അതുകൊണ്ട് ചെറുവത്തൂർ, നീലേശ്വരം ആർ.ഒ.ബി.കൾക്ക് സാംഗ്ഷൻ ലഭിക്കാൻ സംസ്ഥാന ഗവൺമെന്റ് അപ്രോച്ച് റോഡുകളുടെ എസ്റ്റിമേറ്റ് അടിയന്തിരമായി സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്ത് ആകെ

67 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനുള്ളതിൽ 12 എണ്ണത്തിന്റെ പണി പൂർത്തിയായി; 11 എണ്ണത്തിന്റെ പണി പുരോഗമിച്ചുവരികയാണ്. . ദക്ഷിണ റെയിൽവേയുടെ കീഴിൽ ഷൊർണ്ണൂർ മാംഗ്ളൂർ സെക്ഷനിൽ 30 റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കാൻ റെയിൽവേ അനുമതി നൽകിയിട്ടുണ്ട്. മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടതും സ്ഥലം ഏറ്റെടുത്ത് നൽകേണ്ടതും സംസ്ഥാന സർക്കാരാണ്. 30 മേൽപ്പാലങ്ങളിൽ 6 എണ്ണം ഇതിനകം കമ്മീഷൻ ചെയ്തുകഴിഞ്ഞു. 4 മേൽപ്പാലങ്ങളുടെ പണി ഈ വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 20 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ, റെയിൽവേയുടെ എസ്റ്റിമേറ്റ് അംഗീകാരം, ജനറൽ അലൈൻമെന്റ്, ഡ്രായിംഗ് തുടങ്ങിയവയിൽ നടപടികൾ എടുത്തുവരുന്നു റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചു കൂട്ടുകയുണ്ടായി. ഓരോ മേൽപ്പാലങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് താൽക്കാലിക സംവിധാനം എന്ന നിലയിൽ അതാത് പ്രദേശത്തെ എം.പി.മാർ, എം.എൽ.എ.മാർ, റെയിൽവേ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഒരു മോണിറ്ററിംഗ് സംവിധാനം കൂടി ഏർപ്പെടുത്തി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതാണ്.

### (6) <u>കുടിയേറ്റക്കാരായ പട്ടികവിഭാഗങ്ങൾക്കുള്ള ആനുകൂല്യം</u>

<u>ശ്രീമതി കെ.കെ. ലതിക</u> : 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ പ്രകാരം ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേയ്ക്ക്

കുടിയേറിപ്പാർത്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ജൻമനാട്ടിൽ മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളു. അതുകൊണ്ട് 12-2-1986-ലെ സർക്കാർ ഉത്തരവിൽ ആവശ്യമായ മാറ്റം വരുത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 12-2-1986-ലെ സർക്കാർ ഉത്തരവ് പ്രകാരം 1950-ന് മുൻപ് കേരളത്തിൽ കുടിയേറിപ്പാർത്തവർക്കും അവരുടെ അനന്തര തലമുറകൾക്കും മാത്രമേ സംസ്ഥാനത്തെ പട്ടികജാതി /പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളു. ഓരോ സംസ്ഥാനത്തും നിലവിലുള്ള പട്ടികജാതി /പട്ടികവർഗ്ഗ സമുദായങ്ങൾ ഏതാണെന്ന് തീരുമാനിക്കുന്നത് 1950-ൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസിഡൻഷ്യൽ ഉത്തരവ് പ്രകാരമാണ്. ഇക്കാരണത്താലാണ് 1950 ഒരു കട്ട് ഓഫ് ഇയറായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഇതിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനുമാത്രമേ അധികാരമുള്ളൂ.

## റിപ്പോർട്ട് സമർപ്പണം

(1) 2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനേയും 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ (ഭേദഗതി) ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണ കാര്യം

### (1) 2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ വ്യവസായവും ധാതുക്കളും എന്ന IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം വിജയകുമാർ): പ്രമേയത്തെ പിൻതാങ്ങുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നാല് ലക്ഷത്തോളം കയർത്തൊഴിലാളികളെ സംബന്ധിക്കുന്ന സുപ്രധാനമായ ഒരു നിയമനിർമ്മാണമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1987-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴാണ് ആദ്യമായി കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചത്. 1989-ൽ അതിന്റെ ആക്ടും ചട്ടങ്ങളും

നടപ്പിലാക്കി ക്ഷേമനിധി രൂപീകരിച്ചു. കയർ വ്യാപാരത്തിൽ ഏർപ്പെട്ടിരുന്ന വ്യാപാരികളുടെ വാർഷിക വിറ്റുവരവിൽ നിന്ന് അന്ന് ഒരു ശതമാനം സെസ്സ് ആയി ഈടാക്കാനാണ് തീരുമാനിച്ചത്. 1998-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ ഈ നിയമത്തിൽ ഭേദഗതി വരുത്തുകയും 0.75 ശതമാനമായി സെസ്സ് ക്രമീകരിച്ചുകൊണ്ടുള്ള ഭേദഗതി പാസ്സാക്കുകയും ചെയ്തു.. ആ നിയമത്തിൽ വിദേശങ്ങളിലേയ്ക്ക് കയറും കയർ ഉൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്ന കയറ്റുമതിക്കാരിൽ നിന്നുകൂടി സെസ്സ് പിരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനെതിരെ ചില പ്രമുഖ കയറ്റുമതിക്കാർ കോടതിയിൽ പോകുകയും പ്രസ്തുത നിയമത്തിലെ വകുപ്പ് 4 (2) കോടതി റദ്ദാക്കുകയുമുണ്ടായി.. അതുകൊണ്ടാണ് പുതിയ നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 15 മാസത്തിനുള്ളിൽ 23 കോടി രൂപ കയർത്തൊഴിലാളി ക്ഷേമനിധിയിൽ നൽകിക്കഴിഞ്ഞു. ഈ ക്ഷേമനിധി ശക്തിപ്പെടുത്തേണ്ടതുള്ളതുകൊണ്ടാണ് കേരളത്തിനകത്ത് ഈ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന വ്യാപാരികളിൽ നിന്നും സെസ്സ് ഈടാക്കണമെന്ന് ഉദ്ദേശിക്കുന്നത്. കയർത്തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: 2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1987-ൽ കയർത്തൊഴിലാളി ക്ഷേമനിധി ബിൽ ഗവൺമെന്റ് അവതരിപ്പിച്ചപ്പോൾ അന്ന് പ്രതിപക്ഷം സ്വീകരിച്ച അതേ നടപടിയാണ് ഇന്നും സ്വീകരിച്ചിരിക്കുന്നത്. കയർത്തൊഴിലാളികൾക്ക് അനുകൂലമായ

നിയമങ്ങൾ ഉണ്ടാക്കുമ്പോഴെല്ലാം അവർ അതിനെ എതിർക്കുകയാണ് ചെയ്യുന്നത്. കയർത്തൊഴിലാളികളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ ഇതുവരേയും സാധിച്ചിട്ടില്ല. കുറഞ്ഞ വിലയ്ക്ക് ക്വാളിറ്റിയുള്ള ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ വിൽക്കുന്നതിനുവേണ്ടിയുള്ള മൽസരമാണ് നടക്കുന്നത്. കയറിനോടൊപ്പം റബ്ബർ, സിന്തറ്റിക് ജൂട്ട് ഇതെല്ലാം മിക്സ് ചെയ്തുണ്ടാക്കുന്ന കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തണം. കയർപിരി രംഗത്ത് മോഡേണൈസ്ഡ് റാട്ടുകളും ലൂമുകളും ഉണ്ടാക്കി തൊഴിലാളികൾക്ക് പണിയെടുക്കാനുള്ള സംവിധാനമുണ്ടാക്കണം. കയർ സഹകരണ സംഘങ്ങൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കയർഫെഡിന്റെ പ്രവർത്തനം പൂർണ്ണമായും തകർച്ച നേരിട്ടു കൊണ്ടിരിക്കുകയാണ്. കയറുൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗിൽ ഉണ്ടാകുന്ന സ്തംഭനം ഒഴിവാക്കണം. പ്രൈമറി കയർ സംഘങ്ങൾ അടച്ചുപൂട്ടുന്ന സ്ഥിതിയാണുള്ളത്. തൊഴിലാളി അടയ്ക്കുന്ന അംശദായത്തിന്റെ അതേ വിഹിതം തൊഴിൽ ഉടമ അടക്കേണ്ടതുണ്ട്. 3-ാം വകുപ്പിൽ (1)-ാം ഉപവകുപ്പു പ്രകാരമുള്ള യാതൊരു സെസ്സും ഒരു വർഷം 3 ലക്ഷം രൂപയിൽ കുറഞ്ഞ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ ചുമത്താൻ പാടുള്ളതല്ല എന്നുള്ളത് മൂന്ന് ലക്ഷം രൂപ എന്ന് ലിമിറ്റ് ചെയ്യേണ്ട കാര്യമില്ല. കയർത്തൊഴിലാളി ക്ഷേമനിധിയിൽ വിഭാവനം ചെയ്യുന്ന രീതിയിലുള്ള ആനുകൂല്യം കൊടുക്കാൻ സഹായകമായ രീതിയിലാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. കയർത്തൊഴിലാളികൾക്ക് ഇതുവരെ കൊടുക്കാനുണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ ബാദ്ധ്യതകൾ എഴുതിത്തള്ളി അത് ഓഹരി മൂലധനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. സഹകരണ

സംഘങ്ങൾക്ക് സർക്കാർ കൊടുത്തിട്ടുള്ള പണം പാഴാക്കിയിട്ടില്ല. കയറുല്പന്നങ്ങൾ വാങ്ങി കയർ വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് മുൻതൂക്കം കൊടുക്കും. കയറിന്റെ ഉല്പാദന ചെലവിനെക്കാൾ പർച്ചേസ് പ്രൈസിൽ കുറവു വരുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിന് ഉല്പാദകർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗുണപരമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു ലഭിച്ചാൽ മാത്രമേ നിറുത്തിവച്ചിട്ടുള്ള ഉല്പാദനം പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. 60 വയസ്സ് കഴിഞ്ഞ കയർത്തൊഴിലാളികൾക്ക് ചികിത്സാ സൗകര്യമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി കയറുല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കണം. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണിത്.

ശ്രീ. ജോസ് തെറ്റയിൽ : 2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കയർത്തൊഴിലാളികളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. ഇതിൽ ഡീലറെ സംബന്ധിച്ച ഡെഫിനിഷനിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ റോൾ എന്താണ്; അവയെ ഒഴിവാക്കേണ്ടുതുണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല. സെക്ഷൻ 3(1)-ൽ ഏത് വിഭാഗത്തിൽപ്പെട്ട ആളുകളെയാണ് ഒഴിവാക്കേണ്ടതെന്ന് കുറച്ചുകൂടി വ്യക്തമാക്കേണ്ടതാണ്. വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് വിറ്റുവരവ്

കണക്കാക്കുന്നതെങ്കിൽ കൂടുതൽ ആളുകൾ ഇതിൽനിന്ന് ഒഴിവാകുന്ന സ്ഥിതി ഉണ്ടാകും. അക്കാര്യത്തിലും കൂടുതൽ വ്യക്തത ഉണ്ടാകണം. സെസ്സ് പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം കൊടുക്കേണ്ടതാണ്. സെസ്സ് താൽക്കാലികമായി പിരിച്ചെടുക്കുന്ന നടപടികൾ നീണ്ടുപോകാതെ കട്ട്ഷോർട്ട് ചെയ്ത് കുറെക്കൂടി എളുപ്പത്തിലാക്കണം. നിശ്ചിത സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരുന്നാൽ പിഴ ചുമത്തുന്നതോടൊപ്പം ഇംപ്രിസൺമെന്റ് നിർബന്ധമാക്കുന്ന നിർദ്ദേശംകൂടി ഉണ്ടാകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): കയർത്തൊഴിലാളി സംഘടനകളുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് ഈ നിയമസഭയുടെ കാലത്ത് കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ അവതരിപ്പിക്കാമെന്ന് കഴിഞ്ഞ വർഷം ഈ സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. കയർത്തൊഴിലാളി സംഘടനകളെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. സംഘടനകൾ ന്യായമായി ഉന്നയിക്കുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നുണ്ട്. ഇൻഡ്യയിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ട്രേഡ് യൂണിയൻ എന്ന നിലയ്ക്ക് കയർത്തൊഴിലാളി സംഘടനകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 15 മാസത്തിനുള്ളിൽ അൻപത്തിമൂന്നര കോടി രൂപ കയർ വ്യവസായ മേഖലയ്ക്ക് കൊടുത്തിട്ടുണ്ട്. കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ വൻ വർദ്ധനവാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 15 മാസക്കാലത്തിനിടയിൽ 23 കോടി രൂപ കയർത്തൊഴിലാളികൾക്ക് പെൻഷൻ

കുടിശ്ശിക കൊടുക്കുന്നതിന് നൽകുകയുണ്ടായി. ഈ ഗവൺമെന്റിന്റെ 5 വർഷക്കാലത്തിനുള്ളിൽ പരമാവധി തുക പെൻഷൻ ഇനത്തിൽ കൊടുക്കുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഗവൺമെന്റ് കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് കൊടുത്തിട്ടുള്ള ലോണും അതിന്റെ പലിശയുമടക്കമുള്ള 50 കോടിയോളം രൂപയും സംസ്ഥാന ഗവൺമെന്റിന്റെ ജാമ്യത്തിൽ എൻ.സി.ഡി.സി.യിൽനിന്ന് എടുത്ത 50 കോടിയോളം രൂപയും ചേർത്ത് 100 കോടിയോളം രൂപ മൂലധനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ വിതരണം നിറുത്തൽ ചെയ്ത പതിനായിരം പേർക്ക് ഈ ഗവൺമെന്റ് മുൻകാല പ്രാബല്യത്തോടുകൂടി പെൻഷൻ വിതരണം പുന:സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. കയർത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്കായി സൗജന്യമായി വൃദ്ധസദനം നടത്തുന്നുണ്ട്. ചേർത്തലയും വൈക്കവുമായി ബന്ധപ്പെടുത്തി ഒരു വൃദ്ധസദനം സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ട്. കയറിന്റെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താൻ ആലോചിക്കുകയാണ്. കയർഫെഡിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് അത് പുന:സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. കയർഫെഡ് ഓണക്കാലത്ത് നിരവധി ഷോറൂമുകൾ തുറക്കുകയുണ്ടായി. സഹകരണ സംഘങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വാടക കൊടുക്കാതെ മുറികൾ ലഭിക്കുകയാണെങ്കിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എസ്റ്റാബ്ളിഷ്മെന്റ് ചെലവില്ലാതെ കയർ ഉല്പന്നങ്ങൾ വീട്ടുപടിക്കൽ കൊടുക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയാണ്. പ്ളാസ്റ്റിക് നിരോധിച്ച സാഹചര്യത്തിൽ

അതിനുപകരമായി കയർ ഉല്പന്നങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളും കയർ ഉല്പന്നങ്ങൾ ഉപയോഗിക്കണം. കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ട്രെയിനിംഗ് കൊടുക്കുന്ന പരിശീലന കേന്ദ്രങ്ങൾ ചിറയിൻകീഴിലും ആലപ്പുഴയിലും ആരംഭിക്കുന്നതിനും നാഷണൽ കയർ റിസർച്ച് മാനേജ്മെന്റിനെ ഏറ്റവും ആധുനികമായ ഒരു കയർ വികസന കേന്ദ്രമായി വളർത്തുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തിവരികയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പരിശോധിക്കുന്നതാണ്. ഈ ബിൽ എത്രയുംവേഗം നിയമമാകണമെന്നുള്ളത് ഈ സഭയുടേയും നാടിന്റേയും ആവശ്യമാണ്. തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടും ഉടമകൾക്ക് ന്യായമായ ലാഭം ഉറപ്പാക്കിക്കൊണ്ടും വ്യവസായ സമാധാനം സൃഷ്ടിച്ചുകൊണ്ടും മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള കയർത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ വ്യവസായവും ധാതുക്കളും എന്ന IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും:**

**(എ) 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ.കെ. ലതിക: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനങ്ങളെ ഏറ്റവുമധികം സ്വാധീനിക്കുന്ന നിയമമെന്ന നിലയിൽ സമൂഹം ശ്രദ്ധയോടെ വീക്ഷിക്കുന്ന ബില്ലാണിത്. റവന്യൂ റിക്കവറി നടപടികളിലെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിന് ഈ ഭേദഗതി സഹായിക്കും. സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടാനുള്ള റവന്യൂ കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുന്നതിന് ഈ നിയമം സഹായകമാകും. പിരിച്ചെടുക്കാനുള്ള സംഖ്യ നിയമപ്രകാരം പിരിച്ചെടുക്കാൻ കഴിയുന്ന സ്ഥിതി നിയമത്തിലുണ്ടാകണം.

ശ്രീമതി കെ.എസ്. സലീഖ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇപ്പോൾ നിലവിലുള്ള സ്ഥിതി മാറ്റി അതാത് ജില്ലകളിൽത്തന്നെ കളക്ടർമാർക്ക് റവന്യൂ റിക്കവറി തീർപ്പ് കൽപ്പിക്കാനുള്ള അവസരം കൊടുക്കണം. റവന്യൂ റിക്കവറിയുടെ നിലവിലുള്ള സംവിധാനം കോടതിയുമായി ബന്ധപ്പെട്ടുകിടക്കുകയാണ്; ഗവൺമെന്റിന് നേരിട്ട് പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാകണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനക്കെടുത്തു.

## 2-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ഉം 4-ഉം വകുപ്പുകൾ

3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ഉം 4-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ഉം 7-ഉം വകുപ്പുകൾ

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തടസ്സങ്ങളില്ലാതെ കാലതാമസം വരുത്താതെ നികുതി പിരിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കാൻ കഴിയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ബി) 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ

വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജന്മം കൊണ്ട് രാജാക്കന്മാരാണെങ്കിലും ജീവിതത്തിൽ വളരെ കഷ്ടപ്പാട് അനുഭവിക്കുന്നവരുടെ ഗുണകരമായ മാറ്റത്തിനുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഈ നിയമം കൊണ്ടുവന്നത്. സാമൂഹ്യനീതി നടപ്പിലാക്കുന്ന കാര്യത്തിലുള്ള സർക്കാരിന്റെ സമീപനം പ്രശംസനീയമാണ്. രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരുടെ പിൻതലമുറക്കാരാണ് ഇന്ന് കഷ്ടപ്പെട്ട് ജീവിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് ലഭ്യമാകുന്ന ആന്വിറ്റി തുക അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കണം. സാമൂഹ്യനീതി നടപ്പിലാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വഹിക്കുന്ന പങ്ക് സ്വാഗതാർഹമാണ്. ഇതുസംബന്ധിച്ച് എടുത്ത പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ മനുഷ്യത്വപൂർണ്ണമായ സമീപനമാണ് ഈ ബിൽ അവതരിപ്പിച്ചതിലൂടെ കാണാൻ കഴിയുന്നത്. ഭൂ പരിഷ്ക്കരണ നിയമത്തിനുശേഷം തുടർ നടപടി എന്ന നിലയ്ക്ക് സാമൂഹ്യ

സംരക്ഷണമേഖലയിൽ ചെയ്യേണ്ട പ്രവർത്തനങ്ങളാണ് ഈ സർക്കാർ ചെയ്യുന്നത്. ദേവസ്വം സ്വത്ത് കൈകാര്യം ചെയ്തിരുന്നവർക്ക് വന്നിരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതോടൊപ്പം പ്രസിദ്ധമായ കാവുകളും പഴയ കാല പെരുമയുടെ സമ്പത്തും സംരക്ഷിക്കുന്നതിനുള്ള മഹത്തായ പദ്ധതി യാണിത്. ഇത് ഒരു ചെറിയ നിയമമാണ്. സ്ഥിരനിക്ഷേപങ്ങൾക്ക് നേരത്തെ നിശ്ചയിച്ചിരുന്ന 4 ശതമാനം പലിശ മാറ്റി മറ്റ് പല മേഖലകളിലും നിലവിലു ള്ള പലിശ ഈടാക്കിക്കൊണ്ട് സമ്പാദ്യം വർദ്ധിപ്പിക്കുന്നതുമൂലം രാജകുടും ബാംഗങ്ങൾക്ക് അവരുടെ പ്രതിഫലത്തിൽ പ്രകടമായ വർദ്ധനവാണ് ഉണ്ടാ കുന്നത്. പലിശ നിരക്ക് 5 വർഷം എന്ന നിബന്ധന വയ്ക്കാതെ ഒരേ പലിശ നിരക്ക് ഉടനീളം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ശ്രദ്ധിക്കപ്പെടാതെ കിടന്ന കാര്യം മനുഷ്യത്വപൂർണ്ണമായ സമീപനത്തോടെ രാജവംശത്തേയും കേരളത്തിലെ സാംസ്ക്കാരിക മേഖലയേയും സംരക്ഷി ക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്ത സർക്കാരിനെ അഭിനന്ദിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): വർഷാശനം പ്രതിമാസം 14 രൂപ ഉണ്ടായിരുന്നതാണ് 500 രൂപയായി ഉയർത്തിയത്. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ വിശദമായി ചർച്ച ചെയ്തതാണ്. പുതിയ തലമുറയ്ക്കുകൂടി ഈ തുക ലഭ്യമാക്കണമെന്ന വാദഗതി ഉയർന്നുവ ന്നെങ്കിലും അതിന് കഴിയില്ല. അന്നത്തെ കാലത്തെ ഗർഭസ്ഥശിശു ഉൾപ്പെടെ കൊടുക്കാമെന്നും അതോടെ അവസാനിപ്പിക്കണമെന്നു മായിരുന്നു സർക്കാരിന്റെ നിലപാട്. ഇപ്പോഴത്തെ തലമുറയ്ക്ക് വിദ്യാ ഭ്യാസം നേടാനും സ്വയംതൊഴിൽ കണ്ടെത്താനും നിരവധി മാർഗ്ഗങ്ങളുണ്ട്.

ട്രഷറി സേവിംഗ്സിൽ കിടക്കുന്ന പലിശ കാലാകാലങ്ങളിലെ മാറ്റത്തിന് വിധേയമായിരിക്കും. വരുമാനമുള്ള വലിയ ക്ഷേത്രങ്ങൾ കൊച്ചു ക്ഷേത്രങ്ങളെ സഹായിക്കുന്നത് പണ്ടുമുതലേ തുടർന്നുവന്ന സമീപനമാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

## 2-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 114, 128, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: 125-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയു പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (സി) 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ജയരാജൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് മാതൃകാപരമായ

ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ള ഈ നിയമം കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിൽ വലിയ ഒരു പരിഷ്ക്കരണം വരുത്തുന്നതാണ്. ജന്മിത്വത്തിന്റെ അവസാനകണ്ണിയും മുറിച്ചുമാറ്റുന്ന ഒരു നിയമമാണിത്. ഈ ബില്ലിൽ അർത്ഥപലിശ, ജന്മിഭോഗം, കരത്തിൽ ചെലവ് എന്നിവ നിർത്തലാക്കി നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി പേരിനുമാത്രം ജന്മിമാരായിട്ട് അറിയപ്പെടുന്നവർക്ക് ആശ്വാസകരമായ കാര്യങ്ങളാണ് ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 135-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ഉം 6-ഉം 7-ഉം വകുപ്പുകൾ

5-ഉം 6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ഉം 6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 9 ന്റെ (2)-ാം ഉപഖണ്ഡത്തിൽ 'ജില്ലാ' എന്നത് 'സബ്' എന്ന് ഭേദഗതി ചെയ്യുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 152-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡം 10-ൽ ' ഏതെങ്കിലും പിശകോ തിരുത്താവുന്നതാണ് ' എന്നതിനുപകരം ' ഏതെങ്കിലും പിശകോ മാത്രം തിരുത്താവുന്നതാണ് ' എന്നു ചേർക്കുക എന്ന 152-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11 മുതൽ 14 വരെയുള്ള വകുപ്പുകൾ

11 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 156-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡം 15 (2)-ൽ (ഇ) യ്ക്കു ശേഷം (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക;

'(എഫ്) കരട് നഷ്ടപരിഹാരപ്പട്ടിക സംബന്ധിച്ച് ആക്ഷേപമുള്ളവരുടെ ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിനും ആക്ഷേപം ഉന്നയിച്ചവരെ കേൾക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ' എന്ന 156-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുന്ത്രി (ശ്രീ. എ. കെ. ബാലൻ) : പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): നെല്ലിന്റെ വില കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുള്ളത്. ഒരു കിലോ നെല്ലിന് 6 രൂപ എന്ന കണക്കിലാണ് നഷ്ടപരിഹാരം നിശ്ചയിച്ചിരുന്നത്. അത് നിലവിലുള്ള സംഭരണ വിലയായ 9 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നിയമം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജന്മിമാർക്ക് പരമാവധി സഹായം ചെയ്തുകൊടുക്കുന്നതിന് കഴിയും. ഒന്നാം കേരള നിയമസഭയിൽ ചർച്ചകൾക്ക് തുടക്കം കുറിച്ച ഒരു നിയമമാണിത്. 7 തവണ ഓർഡിനൻസുകൾ പുറപ്പെടുവിച്ചശേഷമാണ് ഈ ബിൽ ഇപ്പോൾ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നത്

2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 2.28-ന് പിരിഞ്ഞു.

**************